**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 937** **24-02-2022 - ൽ മറുപടിയ്ക്ക്**

**ആമച്ചൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട പഞ്ചായത്തിലെ ആമച്ചൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ഈ പദ്ധതിയുടെ പമ്പ് ഹൗസിന്റെയും അനുബന്ധ പൈപ്പ് ലൈനിന്റെയും പണി പൂർത്തിയായിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് വൈദ്യുത കണക്ഷൻ ലഭ്യമായിട്ടുണ്ടോ ; ഇത് സംബന്ധിച്ച് ബന്ധപ്പെട്ട പഞ്ചായത്തിന്റെയും കെ.എസ്.ഇ.ബി. യുടെയും അഭിപ്രായം വിശദീകരിക്കാമോ? | (ബി) | വൈദ്യുത കണക്ഷൻ ലഭ്യമായിട്ടില്ല. പ്രസ്തുത പമ്പ് ഹൗസിന് വൈദ്യുത കണക്ഷൻ ലഭിക്കുന്നതിന് നിരാക്ഷേപസാക്ഷ്യപത്രം നൽകണമെന്ന കാട്ടാക്കട ചെറുകിട ജലസേചന സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ അപേക്ഷയിന്മേൽ ടി സ്ഥലമോ കെട്ടിടമോ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്ത തിനാൽ പഞ്ചായത്തിൽ നിന്നും നിരാക്ഷേപസാക്ഷ്യപത്രം നല്കേണ്ടതില്ലെന്നും കാർഷികാവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന പമ്പ് ഹൗസ്, മോട്ടോർ ഷെഡ് എന്നിവയ്ക്ക് വസ്തു നികുതി പ്രത്യേകമായി ചുമത്തേണ്ടതില്ലായെന്നും കാർഷികാവശ്യത്തിനുള്ള പമ്പ് ഹൗസിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കെട്ടിടനമ്പർ ആവശ്യമില്ലായെന്നും പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. പമ്പ് ഹൗസ് സ്ഥിതി ചെയ്യുന്ന വസ്തു ഭൂരിഭാഗവും ശ്രീ.ശ്രീകണ്ഠൻ നായർ എന്നയാളുടെ സ്ഥലത്തും ബാക്കി ഭാഗം പുറമ്പോക്ക് ഭൂമിയിലുമായതിനാൽ KSEB യുടെ പ്രൊഫോർമയിലുള്ള സമ്മതപത്രവും തിരുത്തൽ അപേക്ഷയും കൂടി ഹാജരാക്കാൻ KSEB എക്സിക്യൂട്ടിവ് എഞ്ചിനീയർ അറിയിച്ചതനുസരിച്ച് പ്രസ്തുത രേഖകൾ ഹാജരാക്കിയിട്ടുണ്ട്. KSEB യുടെ ഭാഗത്തുനിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി സ്ഥലപരിശോധന കഴിഞ്ഞാലുടൻ തുക ഒടുക്കുന്ന മുറയ്ക്ക് വൈദ്യുത കണക്ഷൻ നൽകുന്നതാണെന്ന് KSEB അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ